**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5442** **21-07-2022 - ൽ മറുപടിയ്ക്ക്**

**പാൽ ഉല്പന്നങ്ങളുടെ ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിച്ച് കേരളത്തിൽ വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്ന പാക്കറ്റ് പാലിന്റെയും പാൽ ഉല്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 14 ജില്ലകളിലും വിറ്റഴിക്കുന്ന പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിന് വേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാറുണ്ട്. മറ്റ് വിശദമായ |
| (ബി) | സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി) | പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയ്ക്ക് അടുത്തെത്താൻ കഴിഞ്ഞ നേട്ടം സുസ്ഥിരമാക്കുന്നതിനായി ക്ഷീര വികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിടാരി പാർക്ക്, ക്ഷീര ഗ്രാമം എന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കാലിത്തീറ്റ സബ്സിഡി, ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ പച്ചപ്പുല്ലും വൈക്കോലും കർഷകർക്ക് നൽകുന്ന പദ്ധതി കൂടാതെ വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ സ്വീകരിച്ച വരുന്ന ശാസ്ത്രീയ പ്രജനന നയവും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മിൽമയുടെ മേഖലായൂണിയനുകൾ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും പാലുല്പാദനത്തിൽ സുസ്ഥിരത കൈവരിക്കുന്നതിനുവേണ്ടിയും വിവിധ തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതുമൂലം പാലുല്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിന് ഏതാണ്ട് കഴിഞ്ഞിട്ടുണ്ട്. മലബാർ മേഖലയിൽ ഇപ്പോൾ ആവശ്യത്തിലധികം പാൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. സ്വന്തം ആവശ്യം കഴിഞ്ഞ് മിച്ചം വരുന്ന പാൽ മറ്റ് ദൗർലഭ്യമുള്ള മേഖലകളിലേക്ക് നൽകുന്നതുവഴി പാലുല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്.<br><br>മലബാർ മേഖലാ യൂണിയൻ പശുവളർത്തൽ ഉപജീവനമായി സ്വീകരിച്ചവർക്ക് അവരുടെ ദൈനംദിന തീറ്റ വസ്തുക്കളുടെ ആവശ്യകത അനുസരിച്ച് ഗുണമേന്മയുള്ള തീറ്റ വസ്തുക്കളായ ഹൈബ്രിഡ് നേപ്പിയർ പച്ചപ്പുല്ല്, കായ്ഫലത്തോടുകൂടിയ ചോളത്തണ്ട്, ചോള സൈലേജ് എന്നിവ സബ്സിഡിയോടുകൂടി നൽകി വരുന്നു. കൂടാതെ ഗുണമേന്മയുള്ള വൈക്കോലും സമീകൃത കാലിത്തീറ്റയും ഇതര തീറ്റവസ്തുക്കളായ കടലപ്പിണ്ണാക്ക്, പരുത്തിപ്പിണ്ണാക്ക്, അരിത്തവിട്, ഗോതമ്പുതവിട് എന്നിവ ലഭ്യമാക്കുന്നുണ്ട്.അർഹരായ കർഷകർക്ക് പകുതി വിലയ്ക്ക് ധാതുലവണ മിശ്രിതം, ബൈപ്പാസ് ഫാറ്റ് എന്നിവയും നൽകുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് പാൽ ഉല്പാദക സഹകരണ സംഘങ്ങൾ വഴി ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന പാലിന്റെ അളവിൽ വർദ്ധനവുണ്ടായതായി നിരീക്ഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നിരീക്ഷിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ 2016-17 – ലെ പ്രതിദിന ശരാശരി പാൽ സംഭരണം 16.27 ലക്ഷം ലിറ്റർ ആയിരുന്നത് 2021-22 ൽ 21.19 ലക്ഷം ലിറ്റർ ആയി വർദ്ധിച്ചു. അതായത് പ്രതിദിന സംഭരണത്തിൽ 4.92 ലക്ഷം ലിറ്റർ പാലിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ